DESPATCHED On...18/4/21...

30/3/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**C.P.596 (1)/2019/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.12078/SIC-G4/2019**

**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.സജി എസ്.കെ.<br>വള്ളൂർ, കണ്ണമംഗലം താലൂക്ക്<br>ചെട്ടിക്കുളങ്ങര പി.ഒ.<br>മാവേലിക്കര-690 106 | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>പ്രൈമറി ഹെൽത്ത് സെന്റർ<br>ചെട്ടിക്കുളങ്ങര, ആലപ്പുഴ | എതിർകക്ഷി |

## അന്തിമ ഉത്തരവ്

മേൽ പരാതി ഹർജിയിൽ കമ്മീഷന്റെ 2019 ആഗസ്റ്റ് മാസം 31-ാം തീയതിയിലെ ഉത്തരവു പ്രകാരം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നത് പരാതി ഹർജിക്കാരന്റെ അപേക്ഷയിൻമേൽ മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയതിന് കാരണക്കാരിയായ ഉദ്യോഗസ്ഥ ടി ഓഫീസിലെ ക്ലാർക്കായ ശ്രീമതി സവിത വി നായർ ആണെന്നും ടിയാൾ ലഭ്യമാക്കിയ വിശദീകരണം ഹാജരാക്കുന്നുവെന്നുമാണ്. ടി വിശദീകരണത്തിൽ, പരാതി ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നത് എസ്.പി.ഐ.ഒ. എന്നതിനു പകരം ഹെൽത്ത് ഇൻസ്പെക്ടർ എന്ന തെറ്റായ വിലാസത്തിലായതിനാലാണ് അപേക്ഷ ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറാനിടയായതെന്നും ആയത് മന:പൂർവ്വമായിരുന്നില്ലെന്നും ടി തെറ്റ് മാപ്പാക്കണമെന്നുമാണ്. ടി വിശദീകരണം പരിശോധിച്ചതിൽ പരാതി ഹർജിക്കാരന്റെ അപേക്ഷയിൻമേൽ അഡ്രസ് ചെയ്തിരുന്നത് ഹെൽത്ത് ഇൻസെപക്ടറുടെ വിലാസത്തിലായിരുന്നെന്നും, വിവരാവകാശ നിയപ്രകാരമുള്ള അപേക്ഷ എന്ന് ടി അപേക്ഷയിൽ സൂചിപ്പിച്ചിരുന്നില്ല എന്നു ബോധ്യമാകുന്നു. എന്നിരുന്നാലും ടി അപേക്ഷ കൈപറ്റിയയുടനെ ആയത് കൈപ്പറ്റിയ ക്ലാർക്ക് ശ്രീമതി സവിത വി നായർ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമയബന്ധിതമായി കൈമാറേണ്ടത് തന്നെയായിരുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ കൂടാതെയും, അതീവ ജാഗ്രതയോടെയും വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടതാണെന്നും കമ്മീഷന്റെ 31/08/2019-ലെ

RIGHT TO INFORMATION

ast

ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം എസ്.പി.ഐ.ഒ.യ്ക്കും ക്ലാർക്ക് ശ്രീമതി സവിത വി. നായർക്കും നൽകിക്കൊണ്ട് ഈ പരാതി ഹർജിയിലെ മറ്റു നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം **2021 മാർച്ച് മാസം 30-ാം** തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.വിശ്വാസ് മേത്ത**

മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

ast

RIGHT TO INFORMATION